# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1242** **11.06.2019 ൽ മറുപടിക്ക്**

**മണലൂർ മണ്ഡലത്തിലെ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ**

| **ചോദ്യം**<br>**ശ്രീ.മുരളി പെരുനെല്ലി** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) 2017-18 ലെ ആസ്തി വികസനപദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 24.5.2018 ലെ ആർ.ഡി. 6/2408/2017 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും തൃശ്ശൂർ ജില്ലാ പൊതുമരാമത്ത് റോഡ് വിഭാഗത്തെ മേൽനോട്ടച്ചുമതല ഏൽപ്പിക്കുകയും ചെയ്തെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രസ്തുത പ്രവൃത്തി പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് അറിയിക്കാമോ;<br>(സി) തടസ്സമുണ്ടെങ്കിൽ അത് നീക്കം ചെയ്ത് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) & (സി) മണലൂർ നിയോജക മണ്ഡലത്തിലെ 17 വിവിധ കേന്ദ്രങ്ങളിൽ ബസ് ഷെൽട്ടർ നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലാ കളക്ടർ നൽകിയ ഭരണാനുമതി ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ നിർവഹണാധികാരം പ്രോജക്ട് മാനേജർ , 'SILK'-ന് ആണ് നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം, പ്രവൃത്തിയുടെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പായ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം നടത്തേണ്ടതും അക്രഡിറ്റഡ് ഏജൻസി സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അനുബന്ധ രേഖകളോടൊപ്പം പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശ |

സഹിതം ധനകാര്യ വകുപ്പിന് അംഗീകാരത്തിനായി അയക്കേണ്ടതുമാണ്. എന്നാൽ 'ടി' പ്രവൃത്തിക്കാവശ്യമായ തുക വകയിരിത്തിയിരിക്കുന്നത് 5475-00-800-91 Project under LAC-ADS(NP) എന്ന ശീർഷകത്തിലാണ്. പ്രസ്തുത ശീർഷകം പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ Operating Head അല്ലാത്തതുകൊണ്ടാണ് ബില്ല് payment നടത്താൻ സാധിക്കുന്നതല്ല എന്നും ആയതിനാൽ പ്രസ്തുത തുക പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെ Deposit Head ആയ 8443-00-108 PW Deposit എന്ന ശീർഷകത്തിൽ DDO Code 130159C001-ൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണെന്നും ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ചിലവുകൾ ജി.ഒ.(പി) നം.126/2017/Fin തീയതി 25.09.2017 പ്രകാരം 5475-00-800-91 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണെന്നും ബസ് ഷെൽറ്ററുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ ആയതിനാൽ ആയതിന്റെ മേൽനോട്ടം ഗുണഭോക്തൃ വകുപ്പ് നടത്തേണ്ടതാണെന്നും ഉള്ള സർക്കാർ നിർദ്ദേശം ഉള്ളതിനാൽ 'SILK' നൽകുന്ന ബില്ലുകൾ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശമാണ് ലഭിച്ചത്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുകയോ ബില്ലുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഈ വിവരം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**